# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4396 21.03.2018-ൽ മറുപടിക്ക്**

## സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ലഹരി മരുന്ന് വില്പനക്കാരെയും മോഷ്ടാക്കളെയും ലക്ഷ്യമിട്ട് തലസ്ഥാനത്ത് സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് സജ്ജീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്.<br>ലഹരി മരുന്ന് കടത്ത്, ഉപയോഗം, വിതരണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവരെ നിയമത്തിന് മുന്നിൽ എത്തിച്ച് ലഹരി മരുന്ന് എന്ന വിപത്ത് ഒഴിവാക്കുന്നത് ലക്ഷ്യമിട്ട് സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് തലസ്ഥാനത്ത് പ്രവർത്തനം നടത്തി വരുന്നുണ്ട്. ഇതിന്റെ പ്രവർത്തനത്തിനായി തിരുവനന്തപുരം സിറ്റിയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിൽ നിന്നും 2 പോലീസുദ്യോഗസ്ഥൻമാരെ വീതം തിരഞ്ഞെടുത്തിട്ടുള്ളതും ആഴ്ചയിൽ ഒരു ദിവസം സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് യോഗം ജില്ലാ പോലീസ് ആസ്ഥാനത്ത് ചേരുകയും സ്റ്റേഷൻ പരിധിയിൽ ഇതുമായി ബന്ധപ്പെട്ട് ചെയ്യേണ്ട വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുമുണ്ട്. |

(ബി) തലസ്ഥാന നഗരിയിൽ ഇത്തരത്തിൽ ഒരു പ്രത്യേക ദൗത്യസംഘത്തെ നിയോഗിക്കേണ്ടിവന്നത് ക്രമസമാധാനനില തകർന്നത് മൂലമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) മയക്ക് മരുന്ന് കടത്തും വിപണനവും ഉപയോഗവും തടയുന്നതിന് വേണ്ടിയാണ് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുള്ളത്.

(സി) ഇത്തരം പ്രത്യേക ദൗത്യസംഘങ്ങളെ സംസ്ഥാനത്ത് മുഴവൻ വ്യാപിപ്പിക്കേണ്ടതിന്റെ സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ?

(സി) മദ്യം, മയക്കുമരുന്ന് വിൽപന തുടങ്ങിയ നാർക്കോട്ടിക്ക് കേസുകൾ കണ്ടെത്തുന്നതിനും അതിന്റെ ഉപയോഗവും വിൽപനയും തടയുന്നതിനും അതിൽ പങ്കെടുക്കുന്നവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ട് ഡിസ്ട്രിക്ട് ആന്റി-നാർക്കോട്ടിക്ക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് എന്ന പേരിൽ സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന സാഹചര്യത്തിൽ ഇത്തരം പ്രത്യേക ദൗത്യസംഘങ്ങളെ സംസ്ഥാനം മുഴവൻ വ്യാപിപ്പിക്കേണ്ട സാഹചര്യം നിലവിലില്ല.

**സെക്ഷൻ ഓഫീസർ**